**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2749** **03-08-2021 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ - പൊന്നാനി മേഖലയിലെ നെല്ലുല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ - പൊന്നാനി മേഖലയിലെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന വികസന പദ്ധതി പ്രകാരം അനുവദിച്ച സബ്ബ് മേഴ്സിബിൾ ഏക്സിയൽ ഫ്ളോ പമ്പുകൾ സജ്ജമാക്കുന്നതിനും പവർ കണക്ഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പോന്നോർപാടം, വടക്കേ പോന്നോർതാഴം, മുണ്ടൂർ, പേരാമംഗലം എന്നീ പടവുകൾക്ക് ഉപയോഗ പ്രദമായ രീതിയിൽ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.), കനാലിൽ ഊരകം - പതിയാർകുളങ്ങര താഴത്ത് ഭാഗത്ത് തടയണ കെട്ടുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | പടവ് പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, വിത്ത്, കുമ്മായം, വളം എന്നിവ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി പടവുകളിൽ ഗോഡൗൺ സൗകര്യം ഏർപ്പെടുത്തുമോ; | (സി) | പൊന്നാനി മേഖലയിൽ നിലവിലുള്ള മൂന്ന ഗോഡൗണുകളുണ്ട്. ഇവ വിത്തു സംഭരണത്തിനായി കർഷകർ ഉപയോഗിക്കുന്നുണ്ട്. |
| (ഡി) | കോൾ പടവുകളിലെ സ്ഥലങ്ങളിലേക്ക് വളം, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ സുഗമമായി എത്തിക്കുന്നതിനും നെല്ല് കയറ്റി പോകുന്നതിനും ആവശ്യമായ ഫാം റോഡുകൾ നിർമ്മിക്കുവാനും അറ്റകുറ്റ പണികൾ നടത്തുന്നതിനും ബണ്ടുകളിൽ മണ്ണ് ഇട്ട് നിരപ്പാക്കി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | കോൾ പാടങ്ങളിലെ ഫാം റോഡുകൾ നിർമ്മിക്കുന്നതിന് വിവിധ പാടശേഖരങ്ങളുടെ അപേക്ഷ പ്രകാരം പ്രവൃത്തികൾ ആർ.കെ.ഐ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. തൃശ്ശൂർ- പൊന്നാനി കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതി പ്രകാരം കോൾ ചാലുകൾ ആഴവും വീതിയും കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണ് ഉപയോഗിച്ച് ബണ്ടുകൾ മണ്ണിട്ടു നിരപ്പാക്കുന്നതിനും ബലപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ